(ഇ) ആർ.ബി.എസ്.കെ. പദ്ധതിയുടെ ചികിത്സാ ശീർഷകത്തിൽ കേന്ദ്രം താഴെപ്പറയുന്ന തുകയാണ് അംഗീകരിച്ചത് :

വർഷം	അംഗീകരിച്ച തുക
2013-14	19.6 കോടി രൂപ
2014-15	14.26 "
2015-16	14.65 "

നൃബോൺ സ്ക്രീനിംഗ് പദ്ധതി

77 (4880) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരവധി കുഞ്ഞുങ്ങൾ വിവിധങ്ങളായ ജനിതക വൈകല്യരോഗങ്ങളോടെ പിറന്നുവീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ജനിതക വൈകല്യങ്ങൾ കണ്ടെത്തി ചികിത്സിക്കുന്നതിന് നൃബോൺ സ്ക്രീനിംഗ് എന്ന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; ആദ്യഘട്ടത്തിൽ ഇത് എവിടെയെല്ലാമാണ് ആരംഭിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013 മാർച്ച് മുതൽ തെരഞ്ഞെടുത്ത 44 ഗവൺമെന്റ് ആശുപത്രികളിൽ നടപ്പിലാക്കിയ നൃബോൺ സ്ക്രീനിംഗ് പ്രോഗ്രാംവഴി ചില കുട്ടികൾക്ക് മെറ്റബോളിക്/ജനിതക രോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന നാല് മെറ്റബോളിക്/ ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലും നൃബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

താഴെ പറയുന്ന നാല് രോഗങ്ങൾക്കുള്ള ടെസ്റ്റുകളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നത് :

1. കൺജെനിറ്റൽ ഹൈപ്പോ തൈറോയ്ഡിസം
2. കൺജെനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ
3. ഫിനെയിൽ കിറ്റോന്യൂറിയ
4. ജി 6 പി.ഡി. ഡെഫിഷ്യൻസി

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 44 ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പി.എച്ച്. ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. ആശുപത്രികളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.* പ്രത്യേകതരം ഫിൽറ്റർ പേപ്പറുകളിൽ ശേഖരിക്കുന്ന രക്തസാമ്പിളുകൾ പി.എച്ച്. ലാബുകളിൽ പരിശോധിച്ച് ആയതിന്റെ റിസൾട്ട് രക്തസാമ്പിളുകൾ ലഭിച്ച ആശുപത്രികളിലേയ്ക്ക് ഇ-മെയിൽവഴിയും ലഭ്യമാക്കുന്ന പ്രകാരം കുഞ്ഞിന് അടിയന്തര ചികിത്സ ആശുപത്രികളിൽ നൽകുന്നു. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമാന്ദ്യം പോലുള്ള അവസ്ഥ ഒഴിവാക്കാൻ കഴിയും.

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി

78 (4881) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദ, ആയുഷ്, ഹോമിയോപ്പതി ഡോക്ടർമാർക്കും ഈ രംഗത്തെ നഴ്സുമാർക്കും ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിക്കൊണ്ടുള്ള മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ആലോചനയെക്കുറിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും വിവരം ലഭിക്കുകയോ ഇതിനെക്കുറിച്ച് മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കത്തിനെതിരെ നിയമാനുസൃതമായി എന്തൊക്കെ അടിയന്തരനടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly